File No.FWLD-D2/282/2019-FWLD

പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2728 06.11.2019 ന് മറുപടിയ്ക്ക്.

കൃഷിയിടങ്ങളിലെ വന്യമൃഗങ്ങളുടെ ആക്രമണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും,<br>മൃഗശാലകളും വകുപ്പുമന്ത്രി) |
| ഇടുക്കി ജില്ലയിലെ കൃഷിയിടങ്ങളിൽ വർദ്ധിച്ചുവരുന്ന വന്യമൃഗങ്ങളുടെ ആക്രമണം തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ? | ഇടുക്കി ജില്ലയിൽ കൃഷിയിടങ്ങളിൽ വർദ്ധിച്ചുവരുന്ന വന്യമൃഗങ്ങളുടെ ആക്രമണം തടയുന്നതിനായി നാളിതുവരെ 261.040 കി.മീറ്റർ നീളത്തിൽ സൗരോർജ്ജ വേലി, 3.108 കി.മീറ്റർ നീളത്തിൽ ആന പ്രതിരോധ കിടങ്ങ്, 1.2 കി. മീറ്റർ നീളത്തിൽ ക്രാഷ് ഗാർഡ് ഫെൻസിംഗ് തുടങ്ങിയവ നിർമ്മിച്ചിട്ടുണ്ട്. ജനപങ്കാളിത്തത്തോടെ ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ മുഖേന ഇവ സംരക്ഷിക്കുകയും, അറ്റകുറ്റപ്പണികൾ യഥാസമയം നിർവ്വഹിയ്ക്കുകയും ചെയ്തുവരുന്നു. കൂടാതെ, രാത്രികാല പട്രോളിംഗ് കാര്യക്ഷമമായി നടത്തുകയും, കാടിനു വെളിയിൽ വരുന്ന മൃഗങ്ങളെ കൂട്ടുവെച്ച് പിടിച്ച് തിരികെ കാട്ടിലേയ്ക്ക് വിടുകയും, വനത്തിനുള്ളിലെ ജലസ്രോതസ്സുകൾ സംരക്ഷിക്കുകയും ചെയ്തു വരുന്നു. മൂന്നാറിൽ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ദ്രുതകർമ്മ സേന പ്രവർത്തിക്കുന്നുണ്ട്. കൂടാതെ പഞ്ചായത്ത് തലത്തിൽ ജനജാഗ്രതാ സമിതികൾ പ്രവർത്തിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ